# ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിൽ മാനാഞ്ചിറ കോഴിക്കോട്

## ഫോൺ 04952720012

## അപേക്ഷ ഫോറം

ടെൻഡർ നമ്പർ 09 /DTPC/KKD/TDR/22

കോഴിക്കോട് ഡി.ടി.പി.സിയുടെ കീഴിലുള്ള ഭട്ട് റോഡ് ബ്ലിസ് പാർക്കിലെ സ്റ്റേജിനു മുൻവശമുള്ള പൂളിൽ ,സോർബിങ്, കിഡ്സ് പെഡൽ ബോട്ടിംഗ് എന്നിവ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് 2 വർഷത്തേക്ക് നടത്തുന്നതിനുള്ള ടെണ്ടർ ഫോറം .

ടെണ്ടർ ഫോറത്തിന്റെ വില : Rs 500/-
നിരത ദ്രവ്യം : Rs 10,000/-
ടെണ്ടർ ഫോം വിൽക്കുന്ന തിയ്യതി : 01.11.2022 മുതൽ 18.11.2022 ഒരുമണി വരെ
ടെണ്ടർ ഫോം സ്വീകരിക്കുന്ന തിയ്യതി : 1911.2022 ഒരുമണി വരെ
ടെണ്ടർ തുറക്കുന്ന സമയം : 19.11.2022 മൂന്ന് മണി (03:00PM)

1. അപേക്ഷകന്റെ/ഏജൻസിയുടെ പേര് :
2. അപേക്ഷകന്റെ/ഏജൻസിയുടെ :
   പൂർണമായ മേൽവിലാസം
   ഫോൺ നം ,ഐ ഡി കാർഡ് :
3. (a)അപേക്ഷകൻ ആണെങ്കിൽ
   വയസ്സ് :
   . വിദ്യാഭ്യാസ യോഗ്യത :
   (b)ഏജന്സിയാണെങ്കിൽ :
   രജിസ്ട്രേഷൻ നമ്പറും തിയ്യതിയും
4. പ്രവൃത്തി പരിചയം സംബന്ധിച്ച വിവരങ്ങൾ :
5. നിരത ദ്രവ്യം വിവരങ്ങൾ
   1 .തുക :
   2. ബാങ്കിന്റെ പേര് :
   3. ഡ്രാഫ്റ്റ് നം :
6. പ്രതിമാസം നല്കാൻ തയ്യാറുള്ള തുക
   ( എല്ലാ നികുതികളും ഉൾപ്പടെ)
   അക്കത്തിൽ :
   അക്ഷരത്തിൽ :

## സത്യപ്രസ്താവന

ടെണ്ടർ ഫോറത്തോട് അനുബന്ധിച്ചുഉൾക്കൊള്ളിച്ചിരിക്കുന്ന നിബന്ധനകളും സമയാസമയങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളും അനുസരിച്ചു ഭട്ട് റോഡ് ബ്ലിസ് പാർക്കിലെ ബോട്ടിംഗ്കോൺട്രാക്ട് അടിസ്ഥാനത്തിൽ പൂളിൽ സോർബിങ്, കിഡ്സ് പെഡൽ ബോട്ടിംഗ് എന്നിവ 2 വർഷത്തേക്ക് നടത്തിക്കൊണ്ടുപോകാൻ തയ്യാറാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു

| | | |
|---|---|---|
| സ്ഥലം: | അപേക്ഷകന്റെ പേര് | സെക്രട്ടറി |
| തിയ്യതി: | ഒപ്പ് | ഡിടിപിസി |

നിബന്ധനകൾ

1. ഭട്ട് റോഡ് പാർക്കിൽ നിർമിച്ച പൂളിൽ സോർബിങ്, കിഡ്സ് പെഡൽ ബോട്ടിങ്ങും നടത്താനുള്ള അവകാശവുമാണ് ടെണ്ടർ ചെയ്യുന്നത്. ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികൾ/പ്രസ്ഥാനങ്ങൾക്ക് ഈ മേഖലയിൽ സർവ്വീസ് നടത്തി പരിചയമുള്ളവരായിരിക്കണം.
2. 2 വർഷത്തേക്കാണ് കാലാവധി. ചുരുങ്ങിയത് 5. പെഡൽ ബോട്ടും 2 വാട്ടർ സോർബിങ് ബോളെങ്കിലും(TPU, Thermoplastic Polyurethane). എല്ലാവിധ സർട്ടിഫിക്കറ്റുകളോടുംകൂടി സ്വന്തമായിട്ടുള്ളവരായിരിക്കണം ടെണ്ടറിൽ പങ്കെടുക്കേണ്ടത് പ്രവർത്തന സമയവും ദൈർഘ്യവും തുകയും ഡി.ടി.പി.സി യുമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്
3. ഹാർബർ ക്രാഫ്റ്റ് റൂൾ, കേരള ഇൻലന്റ് വെസ്സൽ റൂൾ എന്നിവ ഉൾപ്പെടെയുള്ള നിയമാനുസൃത സർട്ടിഫിക്കറ്റുകളും എല്ലാ സുരക്ഷ ഉപാധികളും ഉള്ള ബോട്ടുകൾ / സോർബുകൾ മാത്രമേ സർവ്വീസ് നടത്താൻ അനുമതി നൽകുകയുള്ളൂ.
   - ടെണ്ടറിൽ വിജയിച്ചതുകൊണ്ട് മാത്രം ബോട്ടുകൾ / സോർബുകൾ സർവ്വീസ് നടത്താൻ അനുമതിയാകുന്നില്ല.
   - ബോട്ടുകൾ / സോർബുകൾ /പൂളിന്റെയും അറ്റകുറ്റപ്പണികളും സംരക്ഷണവും സ്വന്തം ചിലവിൽ നടത്തിക്കൊണ്ടു പോകേണ്ടതാണ്.
   - ബോട്ടുകൾ / സോർബുകൾ പൂളിന്റെയും പരിസരം ഡി.ടി.പി.സി സെക്രട്ടറിയുടെയും മാനേജരുടെയും നിർദ്ദേശങ്ങൾക്കനുസരിച്ച് വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.
   - ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങളും ,സുരക്ഷാ ജീവനക്കാരും ഫസ്റ്റ്എയ്ഡ് സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്
4. ബോട്ടുകൾ / സോർബുകൾ സർവ്വീസിന് ടൂറിസ്റ്റുകളിൽനിന്നും ഈടാക്കുന്ന തുക ഡി.ടി.പി.സി യുടെ അംഗീകാരത്തോടുകൂടി മാത്രമേ നിശ്ചയിക്കാവൂ.
5. ജീവനക്കാർക്ക് സ്വന്തം ചെലവിൽ യൂണിഫോം നൽകേണ്ടതാണ്. അവർ മാന്യമായി ടൂറിസുറ്റുകളോട് പെരുമാറുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
6. ജീവൻരക്ഷാ ഉപകരണങ്ങൾ നിയമപ്രകാരം സ്വന്തം ചെലവിൽ വാങ്ങി യാത്രക്കാർക്ക് ആവശ്യാനുസൃതം നൽകേണ്ടതാണ്.
7. ടെണ്ടർ പിടിക്കുന്ന വ്യക്തി/പ്രസ്ഥാനവും ഡി.ടി.പി.സിയുമായി 200 രൂപ മുദ്രപത്രത്തിൽ ഒരു എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്.
   - നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, വാടകകുടിശ്ശിക വരുത്തുകയോ ചെയ്താൽ മുൻകൂർ നോട്ടീസില്ലാതെ തന്നെ കരാറുകാരനെ പിരിച്ചുവിട്ട് ബദൽ സംവിധാനം ഏർപ്പെടുത്താൻ ചെയർമാന് അധികാരം ഉണ്ടായിരിക്കും.
8. ഡി.ടി.പി.സി ഓഫീസിൽനിന്നും 500/- (അഞ്ഞൂറ്) രൂപ അടച്ച് വാങ്ങുന്ന ഫോറത്തിൽ മാത്രമേ അപേക്ഷിക്കാവൂ.
9. പൂരിപ്പിച്ച ഫോറത്തോടൊപ്പം സർവ്വീസ് നടത്താനുദ്ദേശിക്കുന്ന ബോട്ടുകളുടെ വിശദാംശങ്ങളും സർവ്വീസിംഗിന് വരുന്ന ജോലിക്കാരുടെ ബയോഡാറ്റയും സമർപ്പിക്കേണ്ടതാണ്.
10. മാസവാടകയായിട്ടായിരിക്കണം ടെണ്ടർ തുക കാണിക്കേണ്ടത്.
11. ടെണ്ടർ ഫോറത്തോടൊപ്പം 10,000/- രൂപയുടെ നിരതദ്രവ്യം ജില്ലാ കലക്ടർ, ഡി.ടി.പി.സി ചെയർമാന്റെ പേരിൽ എസ്.ബി.ഐ മലപ്പുറമ്പ് ശാഖയിൽ മാറാവുന്ന വിധം ഡിഡി/ബാങ്കേഴ്സ് ചെക്ക് രൂപത്തിൽ സമർപ്പിക്കണം.
12. ടെണ്ടർ ഉറപ്പിക്കുന്ന വ്യക്തി മൂന്നുമാസത്തെ മുൻകൂർ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റായി 14 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും 200 രൂപ മുദ്രപത്രത്തിൽ കരാർ ഉടമ്പടി വെയ്ക്കേണ്ടതുമാണ്.

13. ടെണ്ടറിൽ വിജയിക്കുന്ന വ്യക്തി കരാർ ഒപ്പിട്ട് 7 ദിവസത്തിനുള്ളിൽ **സർവീസ്** നടത്താത്തപക്ഷം അടുത്തയാൾക്ക് ഡി.ടി.പി.സി ചെയർമാൻ അവസരം അനുവദിക്കുന്നതാണ്.

14. ഒന്നാമതും രണ്ടാമതും എത്തിയ വ്യക്തികളോ, ഏജൻസികളോ സർവ്വീസും പൂളും ഏറ്റെടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അവരുടെ ഇ.എം.ഡി തുക തിരിച്ച് നൽകുന്നതല്ല.

16. പൂരിപ്പിച്ച ഫോറങ്ങൾ 19.11.2022 ന് ഉച്ചയ്ക്ക് ഒരു മണിക്ക് മുമ്പായി മാനാഞ്ചിറയിലുള്ള ഡി.ടി.പി.സി ഓഫീസിൽ ലഭിക്കണം. അന്നേദിവസം മൂന്നുമണിയ്ക്ക് ആയിരിക്കും ടെണ്ടർ തുറക്കുക.

17. പേരും മേൽവിലാസവും തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്തവരെ ടെണ്ടറിൽ പങ്കെടുപ്പിക്കുന്നതല്ല.

18 ഓരോ മാസവും 5-ാം തീയതിക്ക് മുമ്പേ വാടക അടയ്ക്കാതെ കുടിശ്ശിക വന്നാൽ പ്രതിദിനം 18% പലിശ ഈടാക്കുന്നതായിരിക്കും. വാടകയ്ക്കൊപ്പം നിയമാനുസൃത ജി. എസ്. ടിയും ആദായനികുതിയും അടക്കേണ്ടതാണ്. ഒരു മാസത്തെ കുടിശ്ശിക വന്നാൽ പിരിച്ചുവിടൽ നടപടി സ്വീകരിക്കാനുള്ള അധികാരം ഡി.ടി.പി.സിയിൽ നിക്ഷിപ്തമായിരിക്കും.

19. ഒരു മാസത്തെ നോട്ടീസ് പീരിഡിൽ ഇരു കക്ഷികൾക്കും ഈ കരാറിൽ നിന്നുംപിന്മാറാവുന്നതാണ്.

20. പൂളിലെ വെള്ളം സമയാസമയങ്ങളിൽ മാറ്റുന്നതിനും വൃത്തിയാക്കുന്നതിനും സ്വന്തം ചിലവിൽ കരാറുകാരൻ സൗകര്യങ്ങൾ ചെയ്യേണ്ടതാണ്, ആയത് കരാർ നീട്ടുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കുന്നതുമല്ല .

21. പൂൾ നിലവിലെ സ്ഥിതിയിലാണ് കൈമാറ്റം ചെയ്യുക.

22. സാധനങ്ങളുടെ സുരക്ഷ കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

- ടെണ്ടർ ഫോറത്തിന്റെ വില യാതൊരു കാരണവശാലും തിരിച്ചുകൊടുക്കുന്നതല്ല.

സെക്രട്ടറി

ഡി.ടി.പി.സി **കോഴിക്കോട്**